പതിനാലാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 2334

05/02/2018 ൽ മറുപടിക്ക്

# ഭെൽ കമ്പനിയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡുള്ള ഭെൽ കമ്പനിയിലെ ഇപ്പോഴത്തെ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ പ്രതിസന്ധിക്ക കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന Kerala Electrical & Allied Engg. Co.Ltd, ന്റെ യൂണിറ്റും Bharat Heavy Electricals Ltd (BHEL)-മായി ചേർന്നുള്ള സംയുക്ത സംരഭമായിട്ടാണ് ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd- [BHEL-EML]) ആരംഭിച്ചത്. BHEL-EML-ലെ BHEL-ന്റെ 51% ഓഹരി വിൽക്കുവാനുള്ള നീതി ആയോഗിന്റെ തീരുമാനത്തെ തുടർന്ന് കേരള സർക്കാർ ഈ സ്ഥാപനത്തെ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുവാൻ 12/06/2017-ൽ ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് BHEL -മായി ഒരു പരസ്പര ധാരണയോടെ കൈമാറ്റ പ്രക്രിയ പൂർത്തീകരിക്കുന്നതിനായി ആസ്തി ബാധ്യതകൾ കണക്കിലെടുത്ത് നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. G.O (Rt) No.1482/2017/ID Dtd 20/10/2017 പ്രകാരം ഇതിനായി ചീഫ് സെക്രട്ടറി ചെയർമാനായുള്ള ഒരു ഉന്നതതല അപെക്സ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ ഏറ്റെടുക്കൽ |

തീരുമാനത്തെ തുടർന്ന് ഈ സ്ഥാപനത്തിന് BHEL -ൽ നിന്ന് ലഭിച്ചിരുന്ന എല്ലാ സഹായ സഹകരണങ്ങളും പൂർണമായും നിലച്ച അവസ്ഥയാണ് നിലവിലുള്ളത്. തുടർച്ചയായ നഷ്ടം മൂലം പ്രവർത്തന മൂലധനം പൂർണമായും ഇല്ലാതായി തീർന്നിട്ടുണ്ട്. ലഭ്യമായ ഓർഡറുകൾ പോലും ചെയ്തു തീർക്കാൻ പറ്റാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്.

(സി) പ്രതിസന്ധിക്ക നിദാനമായ കാരണം മനസ്സിലായിട്ടുണ്ടെങ്കിൽ പ്രതിവിധികൾ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കമ്പനിയുടെ പ്രവർത്തനം നിലനിർത്തുന്നതിനായി പ്രവർത്തന മൂലധനത്തിനായി താത്കാലിക ധനസഹായത്തിനായുള്ള മാർഗ്ഗങ്ങൾ സർക്കാർ തലത്തിൽ ആരാഞ്ഞുവരുന്നു. തുടർച്ചയായ നഷ്ടത്തെ തുടർന്ന് അറ്റമൂല്യം നെഗറ്റീവ് ആയ ഈ സ്ഥാപനത്തിന്റെ ധനപരമായ സ്ഥിതി ബാങ്കുകളിൽ നിന്നോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ ധനസഹായം ലഭ്യമാക്കുവാൻ പോലും സാധിക്കാത്ത നിലയിലാണ്.

ഡി) ജീവനക്കാർക്കു ശമ്പളം കിട്ടാത്ത അവസ്ഥ ഭെല്ലിൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ജീവനക്കാർക്ക് ശമ്പളം നൽകുവാൻ വളരെയേറെ ബുദ്ധിമുട്ടുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ഇ) ഭെല്ലിലെ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ജീവനക്കാരുടെ തൊഴിൽ സംരക്ഷിച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ഇ) ജീവനക്കാരുടെ തൊഴിൽ സംരക്ഷിച്ച് ഈ സ്ഥാപനത്തിനെ പൊതുമേഖലയിൽ നിലനിർത്തുന്നതിനു വേണ്ടിയാണ് BHEL ന്റെ ഓഹരികൂടി ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്നത്. മറ്റു കാര്യങ്ങളിന്മേൽ ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കുന്നതിനനുസൃതമായി മാത്രമേ എന്തെങ്കിലും ഒരു തീരുമാനത്തിലേയ്ക്കെത്തുവാൻ കഴിയുകയുള്ളൂ

സെക്ഷൻ ഓഫീസർ